(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്കുവേണ്ടി എങ്ങനെയാണ് പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കമ്പളങ്ങി, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനായുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

(ബി) ബയോഗ്യാസ് പ്ലാന്റുകൾ, വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകൾ, പ്ലാസ്റ്റിക് പെല്ലറ്റിംഗ് യൂണിറ്റുകൾ തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചാണ് മാലിന്യ സംസ്കരണം നടത്തുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നത്. ടൂറിസം വകുപ്പ് അനുവദിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കുന്നു.

(ഡി) മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

സി-പ്ലെയിൻ സർവ്വീസ്

200 (8261) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം "സീപ്ലെയിൻ" സർവ്വീസ് ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തുകയുണ്ടായി ; വർഷം തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി ഇതുവരെ സംസ്ഥാനത്തിന് എന്തു നേട്ടമുണ്ടാക്കാൻ കഴിഞ്ഞു ;

(സി) "സീ-പ്ലെയിൻ " സർവ്വീസ് കാര്യത്തിൽ എന്തു തുടർനടപടികളാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2012-13 വർഷം 12 കോടി രൂപയും 2013-14 വർഷം 10 കോടി രൂപയും വകയിരുത്തുകയുണ്ടായി. 2014-15 വർഷം സീ-പ്ലെയിൻ പദ്ധതിക്ക് പ്രത്യേകമായി ഇക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

(ബി) ഇന്ത്യാ വൻകരയിൽ സീ-പ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുകവഴി ടൂറിസം രംഗത്ത് ഒരു നൂതന ഉൽപ്പന്നം കൂടി വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അതുവഴി സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉൽപ്പന്നം ലഭ്യമാക്കുകയും അതുവഴി ടൂറിസം രംഗത്ത് കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ അകറ്റുവാൻ നടപടികൾ സ്വീകരിച്ചുകൊണ്ട് പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2014 സെപ്റ്റംബർ മാസത്തോടുകൂടി ആരംഭിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജലവിമാന സർവ്വീസ് ആരംഭിക്കാൻ നടപടി

201 (8262) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രതിഷേധത്തെ തുടർന്ന് ഉപേക്ഷിച്ച ജലവിമാന സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ;

(ബി) ജലവിമാന സർവ്വീസ് സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) 2014 സെപ്റ്റംബർ മാസത്തോടുകൂടി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.